തുഞ്ചത്തെഴുത്തച്ഛൻ
**മലയാളസർവകലാശാല**
വാക്കാട്, മലപ്പുറം – 676502
ഫോൺ : 0494 2631230


നം. 850/എ1/2025/അഡ്മിൻ. 12.03.2025

വിഷയം:- പൊതുസഭ തെരഞ്ഞെടുപ്പിലേക്ക് ബിരുദാനന്തരബിരുദ വിദ്യാർത്ഥികൾ, ഗവേഷകർ എന്നിവരിൽ നിന്ന് മലയാളസർവകലാശാല നിയമം അദ്ധ്യായം III 9 (സി) (i) (ii) പ്രകാരം രണ്ടുപേരെ വീതം തെരഞ്ഞെടുക്കുന്നത് - സംബന്ധിച്ച്.

സൂചന:-
1) വൈസ് ചാൻസലറുടെ 850/എ1/2025/അഡ്മിൻ 06.03.2025 ലെ ഉത്തരവ്.
2) 04.03.2025ന് പ്രസിദ്ധീകരിച്ച ബിരുദാനന്തരബിരുദ വിദ്യാർത്ഥികൾ, ഗവേഷകർ എന്നിവരുടെ വോട്ടർപട്ടികകൾ

## വിജ്ഞാപനം

2013 ലെ തുഞ്ചത്തെഴുത്തച്ഛൻ മലയാളസർവകലാശാല ആക്ട് അദ്ധ്യായം III 9 (സി) (i) (ii) 2019 ലെ തുഞ്ചത്തെഴുത്തച്ഛൻ മലയാളസർവ്വകലാശാല ആദ്യ സ്റ്റാറ്റ്യൂട്ട് എന്നിവ പ്രകാരം പൊതുസഭയിലേക്ക് ബിരുദാനന്തരബിരുദ വിദ്യാർത്ഥികൾ, ഗവേഷകർ എന്നിവരിൽ നിന്നും രണ്ടുവീതം അംഗങ്ങളെ തെരഞ്ഞെടുക്കുന്നതിന് വിജ്ഞാപനം പുറപ്പെടുവിക്കുന്നു. പരാമർശം (2) പ്രകാരം അന്തിമ വോട്ടർപട്ടികയിൽ പേര് പ്രസിദ്ധീകരിച്ചിട്ടുള്ള ബിരുദാനന്തരബിരുദ വിദ്യാർത്ഥികൾ, ഗവേഷകർ എന്നിവർക്കിടയിൽ നിന്നും രണ്ടുവീതം അംഗങ്ങളെ പൊതുസഭയിലേക്ക് തെരഞ്ഞെടുക്കുന്നതിനായി വോട്ട് രേഖപ്പെടുത്താവുന്നതാണ്.

ഈ വിജ്ഞാപനപ്രകാരം ബിരുദാനന്തരബിരുദ വിദ്യാർത്ഥികൾ, ഗവേഷകർ എന്നിവർക്കിടയിൽ നിന്ന് പൊതുസഭയിലേക്കുള്ള തെരഞ്ഞെടുപ്പ് താഴെ ചേർത്ത തീയതി പ്രകാരം നടത്തുന്നതാണ്.

| | | | |
|---|---|---|---|
| 1. | തിരഞ്ഞെടുപ്പ് വിജ്ഞാപനം പുറപ്പെടുവിക്കുന്ന തീയതി | - | 12.03.2025 |
| 2. | നാമനിർദ്ദേശപത്രിക സമർപ്പണം | - | 17.03.2025 വരെ (ഉച്ചയ്ക്ക് 12 മണി വരെ) |
| 3. | നാമനിർദ്ദേശപത്രിക സൂക്ഷ്മപരിശോധന | - | 17.03.2025 (ഉച്ചയ്ക്ക് 2 മണി) |
| 4. | സ്ഥാനാർത്ഥിപ്പട്ടികയുടെ പ്രസിദ്ധീകരണം | - | 17.03.2025 വൈകുന്നേരം 4 മണി |
| 5. | നാമനിർദ്ദേശപത്രിക പിൻവലിക്കൽ | - | 18.03.2025 വൈകുന്നേരം 3 മണി വരെ |

| | | | |
|---|---|---|---|
| 6. | അന്തിമ സ്ഥാനാർത്ഥി പട്ടിക പ്രസിദ്ധീകരിക്കൽ | - | 18.03.2025 വൈകുന്നേരം 4.30ന് |
| 7. | തിരഞ്ഞെടുപ്പ് നടത്തുന്ന തീയതി | - | 21.03.2025 (രാവിലെ 10 മുതൽ 1 മണി വരെ) |
| 8. | തിരഞ്ഞെടുപ്പ് നടത്തുന്ന സ്ഥലം | - | സർവകലാശാലാ കാമ്പസ്, വാക്കാട് |
| 9. | വോട്ടെണ്ണൽ | - | 21.03.2025 ഉച്ചയ്ക്ക് ശേഷം 2.30 ന് |
| 10. | വോട്ടെണ്ണൽ കേന്ദ്രം | - | സർവകലാശാലാ കാമ്പസ്, വാക്കാട് |
| 11. | ഫലപ്രഖ്യാപനം | - | 21.03.2025 ഉച്ചയ്ക്ക് ശേഷം 4 മണി |

സ്ഥാനാർത്ഥിപ്പട്ടികയിൽ പേരുള്ള വോട്ടർമാർക്ക് നാമനിർദ്ദേശപത്രികയുടെ നിശ്ചിത മാതൃകയിലുള്ള ഫോറം നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ച സമയം മുതൽ വരണാധികാരി യിൽ നിന്നും സൗജന്യമായി ലഭിക്കുന്നതാണ്.

17.03.2025 ന് ഉച്ചയ്ക്ക് 2 മണിക്ക് മുൻപായി നാമനിർദ്ദേശപത്രിക മലയാളസർവ്വകലാശാല വരണാധികാരിയുടെ പക്കലുള്ള പെട്ടിയിൽ നിക്ഷേപിക്കേണ്ടതാണ്.

12.03.25

വരണാധികാരി